"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് - എം.വി.ആർ ആയുർവേദ മെഡിക്കൽ കോളേജ്, പറശ്ശിനിക്കടവ്, കണ്ണൂർ - ബി.ഫാം (ആയുർവേദം), ബി.എസ്.സി നഴ്സിംഗ് (ആയുർവേദം) എന്നീ കോഴ്സുകൾക്ക് 2026-27 അധ്യയന വർഷത്തിൽ എൽ.ബി.എസ് മുഖാന്തരം നേരിട്ട് പ്രവേശനം നൽകുന്നതിനും കഴിഞ്ഞ വർഷത്തെ ഫീസ് ഘടന തുടരുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.333/2026/AYUSH തീയതി,തിരുവനന്തപുരം, 30-06-2026

പരാമർശം:-

1. പറശ്ശിനിക്കടവ് എം വി ആർ ആയുർവേദ മെഡിക്കൽ കോളേജ് ഡയറക്ടറുടെ 11.02.2026 ലെ MVRAMC/01/2026 നമ്പർ കത്ത്.
2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 22.04.2026 ലെ ജി3/225/2026/ഡി.എ.എം നമ്പർ കത്ത്.

ഉത്തരവ്

പറശ്ശിനിക്കടവ് എം വി ആർ ആയുർവേദ മെഡിക്കൽ കോളേജ് ഡയറക്ടറുടെ പരാമർശം (1) ലെ കത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത കോളേജിൽ 2026-27 അധ്യയന വർഷത്തിൽ കേരള ആരോഗ്യ സർവ്വകലാശായുടെ അന്തിമ അനുമതിക്കു വിധേയമായി ബി.എസ്.സി. നഴ്സിംഗ്/ബി.ഫാം (ആയുർവേദം) കോഴ്സുകളിലേയ്ക്കുള്ള ഗവൺമെന്റ് ക്വാട്ട മാനേജ്മെന്റ് ക്വാട്ട എന്ന വ്യത്യാസമില്ലാതെ മുഴുവൻ സീറ്റുകളിലേയ്ക്കും (50 സീറ്റ് വീതം) എൽ.ബി.എസ് മുഖാന്തരം നേരിട്ട് പ്രവേശനം നൽകുന്നതിനും കഴിഞ്ഞ വർഷത്തെ ഫീസ് ഘടന തുടരുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പറശ്ശിനിക്കടവ് എം.വി.ആർ ആയുർവേദ മെഡിക്കൽ കോളേജിൽ ബി.ഫാം (ആയുർവേദം), ബി.എസ്.സി നഴ്സിംഗ് (ആയുർവേദം) എന്നീ കോഴ്സുകൾക്ക്, കേരള ആരോഗ്യ സർവ്വകലാശാലയുടെ അന്തിമ അനുമതിക്കു വിധേയമായി, 2026-27 അധ്യയന വർഷത്തിൽ ഗവൺമെന്റ്, ക്വാട്ട മാനേജ്മെന്റ് ക്വാട്ട വ്യത്യാസമില്ലാതെ മുഴുവൻ സീറ്റുകളിലേയ്ക്കും (50 സീറ്റ് വീതം) എൽ.ബി.എസ് മുഖാന്തരം നേരിട്ട് പ്രവേശനം നൽകുന്നതിനും കഴിഞ്ഞ വർഷത്തെ ഫീസ് ഘടന തന്നെ ഈ വർഷവും തുടരുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VIJAIRAJ J

ജോയിന്റ് സെക്രട്ടറി

1. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
2. ഡയറക്ടർ ,ഭാരതീയ ചികിത്സാ വകുപ്പ് ,തിരുവനന്തപുരം
3. ഡയറക്ടർ ,എം.വി.ആർ ആയുർവേദ കോളേജ് , പറശ്ശിനിക്കടവ് , കണ്ണൂർ
4. ഡയറക്ടർ ,എൽ.ബി.എസ് സെന്റർ , നന്ദാവനം ,തിരുവനന്തപുരം
5. രജിസ്ട്രാർ , ആരോഗ്യ ശാസ്ത്ര സർവകലാശാല ,തൃശ്ശൂർ
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) ,കേരള, തിരുവനന്തപുരം
7. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
8. കരുതൽ ഫയൽ /ഓഫീസ് കോപ്പി(A3/44/2026-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 30-06-2026 15:24:36

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി